KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS



# വികസനപാതയിൽ......



****

# എഡിറ്റോറിയൽ........

പ്രകൃതി തീർത്ത മനോഹരിതയിൽ ലയിച്ച് ഇലകളിൽ
വീണ മഞ്ഞ് തുള്ളികളെ തഴുകിയ ഇളം കാറ്റിൻറെ
തണുപ്പിൽ വായനാലോകത്തിൻറെ സുഖം തിരിച്ചറിയുകയാണ്
നിലാചിരി.........
പുസ്തക താളുകൾ മറിച്ച് വായനയെ ആനന്ദമാക്കിയവർക്കിടയിൽ
നിലാചിരി വേറിട്ട വായനയുടെ കവാടം തുറക്കുന്നത്....
ഇമവെട്ടാതെ പേജുകൾക്കിടയിലെ അക്ഷരതുട്ടുകളെ
പെറുക്കി വായിക്കുന്നവർക്ക് നിലാചിരിയുടെ സുഗന്ധം
അനുഭൂതി നിറഞ്ഞതായിരിക്കുമെന്ന് കരുതുന്നില്ലെങ്കിലും
വായനയുടെ രസം ചോരാതെ കുറിച്ചിട്ട തൂലികയിലെ
ചലിക്കുന്ന അക്ഷരങ്ങൾ കൗതുകമുണർത്തിയെന്ന് വരാം....
നിലക്കാത്ത പ്രതിസന്ധികൾക്കിടയിലെ പെയ്തൊഴിഞ്ഞ്
പോയ പ്രളയമഴയെ സാന്ത്വനമായി അരിക് ചേർത്തവരെ
മാറോട് ചേർത്ത് നിലാചിരി വായനയുടെ പുതു ചിന്തകൾക്ക്
നിറം പകർന്ന് മിഴിതുറക്കുന്നത്............

എഡിറ്റർ

ആകാശത്തിലെ നക്ഷത്രങ്ങളായി ഞങ്ങളെ നോക്കി ഇവർ ചിരിച്ചു നിൽക്കുന്നത് ഞങ്ങൾ കാണുന്ന കാലം കവർന്നെടുത്ത ഞങ്ങളുടെ പ്രിയ കൂട്ടുകാർക്ക്

## ആദരാഞ്ജലികൾ...



ലക്ഷ്മി നന്ദന



സേതു ലക്ഷ്മി

# നിലാച്ചിരിയിലൂടെ...


സന്ദേശം ............................. 6

ലിറ്റിൽ കൈറ്റ്സ്..................... 9

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്......... 10

പിന്നാമ്പുറം.............................. 11

അരുവി................................. 12

5 മിനിട്ട്.............................. 14

തടവറയിലെ സ്വർഗം........... 14

വരകൾ................................. 15

ഇവർ അഭിമാന താരങ്ങൾ...... 16

അമ്മ.................................... 19

വരകൾ................................. 20

ശരണം................................. 21

ഇരുമ്പഴിക്കുള്ളിൽ.................. 22

വരകൾ................................. 25

വാതിൽക്കൽ......................... 26

വരകൾ................................. 28

പ്രകൃതി സ്നേഹം..................... 29

വഴിത്തിരിവ്.......................... 30

വരകൾ.................................. 32

കളിക്കൂട്ടം കളിനിർത്തുന്നില്ല 33

മേഘങ്ങൾ............................ 36

Comics................................ 37

വരകൾ.................................. 39

പ്രളയം................................... 40

An Inspirational story............ 42

ആദ്യം മധുരിക്കും പിന്നെ കയ്ക്കും. 44

കാളവണ്ടയും ഓട്ടോറിക്ഷയും.... 45

ഒരു വലിയ തെറ്റ്.................... 46

വരകൾ...... 47

Greatest love.... 48

വരകൾ.... 50

നന്ദി...... 51

# സന്ദേശം

voice message 1. Rani aravindan, H M
2. Prakasan N V (Staff secretary )

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് *നിലാചിരി* എന്ന പേരിൽ ഒരു ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്ന സംരഭത്തിലാണെന്നന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർഥികൾക്കിടയിൽ ഇ വായന അധികരിച്ച ഈ കാലഘട്ടത്തിൽ എന്ത് കൊണ്ടും നിലാചിരി ഇ മാഗസിൻ വായന കുട്ടികൾക്കിടയിലും അധ്യാപകർക്കിടയിലും രക്ഷിതാക്കൾക്കിടയിലും സ്വീകാര്യത ഏറുമെന്ന കാര്യത്തിൽ സംശയമില്ല. പുസ്തക താളുകളിലെ വായനയുടെ ഊർജ്ജം ഒട്ടും കൊണ്ട് നടക്കണമെന്ന് ഈ അവസരത്തിൽ ഓർമപ്പെടുത്തുന്നു. ഹൈടെക്കിന്റെ പാതയിലേക്ക് ചുവടുവെച്ചിരിക്കുന്ന നമ്മുടെ വിദ്യാലയത്തിലെ നൂതനമായ ഈ ഉദ്യമം തികച്ചും അഭിനന്ദനീയം തന്നെ.ലിറ്റിൽ കൈറ്റ്സിന് എല്ലാ വിജയാശംസകളും നേരുന്നു.

പ്രധാനധ്യാപിക
റാണി അരവിന്ദൻ

വിരൽത്തുമ്പിൽ വിവരങ്ങൾ വിസ്മയമായി വിടരുന്ന ലോകത്ത്, യന്ത്രങ്ങൾ ഉൽപാദിപ്പിച്ച് മനുഷ്യൻ ഭക്ഷിക്കുന്നിടം വരെയെത്താനുള്ള ശാസ്ത്രത്തിന്റെ അസൂയാവഹമായ വളർച്ചക്കു മുമ്പിൽ, അറിവിന്റെ അക്ഷരഖനിത്തേടിയെത്തുന്ന കുരുന്നുകൾക്ക് - നിലാ ചിരി- ആശംസകൾ

ടി.കെ. ഗോപി
പി.ടി.എ. പ്രസിഡന്റ്

നിലാവ് ഭാവനയുടെ ഉണർത്തു പാട്ടാണ് . നിലാവിന്റെ ചിരി പോലെ മനോഹരമായി ഒഴുകിയെത്തിയ ഭാവനകൾ സ്വരുക്കൂട്ടിയെടുത്ത ' നിലാ ചിരിക്ക് ' എല്ലാവിധ ആശംസകളും...
പുതിയകാലത്തിന്റെ തിരക്കുകൾക്കിടയിൽ ഇ വായനക്കാരുടെ എണ്ണം ക്രൂടുന്ന ഹൈടെക് മേഖലയിൽ നിറഞ്ഞ ചിരിയായി 'നിലാചിരി' മാറട്ടെ... ഇതിനു പിന്നിൽ അണിനിരന്ന ലിറ്റിൽ കൈറ്റ്സ് പ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ.......

ഷാജീവ്. ടി
പ്രിൻസിപ്പാൾ VHSE

ഭാഷ ശക്തമായ ഒരായുധമാണ്. ഓരോ മനുഷ്യജീവിയും ഞാനിവിടെയുണ്ട് എന്ന് രേഖപ്പെടുത്തുന്നതുതന്നെ ഞാൻ ചിന്തിക്കുന്നുണ്ട് എന്ന ഉറപ്പു നൽകിക്കൊണ്ടാണ്. അതിന്റെ ഒരു സാക്ഷ്യമാണ് എഴുത്ത്.
നിലാച്ചിരി പറയുന്നതും അതാണ.... അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന സ്ക്കൂളിലെ നവമുകുളങ്ങളുടെ ചിന്തകൾ ഇ വായനയ്ക്കായി നമുക്കു മുന്നിൽ എത്തുകയാണ്
നിലാച്ചിരി നെയ്തെടുത്ത എല്ലാവർക്കും ഹൃദ്യമായ ആശംസകൾ

പ്രസന്ന ടീച്ചർ
പ്രിൻസിപ്പാൾ HSS

നിലാചിരി കണ്ട് കണ്ട് മനം കുളിർന്ന് അങ്ങനെ...
പകലിൻറെ സൂര്യവെളിച്ചത്തെ ഏറ്റുവാങ്ങി ഇരുളിൽ ചിരിപ്പിച്ചങ്ങനെ നിൽക്കുന്ന അമ്പിളി പോലെ തന്നെയാണ്.........
ഇതിലെ രചനകൾ അനുഭവങ്ങളുടെ തീക്ഷണതകളെ സാഹിത്യത്തിൻറെ മൂശയിൽ ഒരുക്കി പാകമാകുമ്പോൾ പൊള്ളലുകളും കുളിർമ്മയായി മാറുമല്ലോ...? നിങ്ങളുടെ പൊള്ളലുകളെ കുളിർമ്മയായി ഞങ്ങൾക്ക് പകർന്നുതന്ന കുട്ടികൾക്ക് മാഗസിനൊരുക്കാൻ സഹായിച്ച നജീബ് മാഷിനും ജീന ടീച്ചർക്കും എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

രഘുമാഷ്

# ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. 2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ലിറ്റിൽ കൈറ്റ്സ് കുട്ടികളെ കണ്ടെത്താൻ കൈറ്റ്സ് നൽകിയ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അഭിരുചി പരിക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും ഉയർന്ന മാർക്ക് നേടിയ 39 കുട്ടികളെ തെരഞ്ഞെടുത്തു. അന്നേ ദിവസം



കൈറ്റ്സിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ഒരു ഓറിയെന്റേഷൻ ക്ലാസ്സ് നൽകി. തെരഞ്ഞെടുത്ത കുട്ടികൾക്ക് അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്,പ്രോഗ്രാമിങ്, മൊബൈൽ ആപ്പ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പരിശീലനം നല്കി വരുന്നു.



*******

ജി.വി.എച്.എസ്.എസ്. വട്ടേനാട്

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

പൗർണമി.എം
മുഹമ്മദ് അൻഷാദ്.എ.പി
അഞ്ജന.പി.ആർ
അമൃത.എം.എസ്
ഫായിസ്.ടി.വി
അലിബാഷിർ
ആരതി.വി.ജി
ലിമ.കെ.പി
മുഹമ്മദ് ഹഫീസ്.കെ.എം
സിദ്ധാർത്ഥ്.എം
ആദിൽ.വി.എം
മീരമുരളി
അരവിന്ദ്.എൻ
പ്രണവ്.ടി.വി
മേധ.എം
അശ്വിൻരാജ്.എം.പി
സൽമാൻ ഫാരിസ്.പി
മുഹമ്മദ് ഹഫീസ്
സായൂജ് സദാശിവൻ
അമാൻ മുഹമ്മദ്.സി.പി
അദ്വൈത് വിമൽ.എൻ
നന്ദകിഷോർ
ഗീതുകൃഷ്ണ.പി
ശ്രേയലക്ഷ്മി.ടി.എസ്
മുഹമ്മദ് ഉവൈസ്.സി.കെ
ആകാശ് ദാസ്
മറിയം ഫർഹാന.വി
സായൂജ്യ.ടി.എം
മുഹമ്മദ് മിഥ്‌ലാജ്.ടി
കൃഷ്ണപ്രിയ.കെ
അക്ഷയ.പി.കെ
ഫാത്തിമത്ത് നസ്റിൻ.കെ.കെ
ശ്രേയ ശശി
ഗോപിക.പി
അപർണ്ണ.ഇ.എച്ച്
ശ്രീജി.സി.കെ
നിരഞ്ജന.പി.വി
മുഹമ്മദ് സ്വാലിഹ്.വി.എസ്
അസ്ന.കെ.എസ്

കവർ പേജ്
അനുരാജ് 10E

# പിന്നാമ്പുറം

amalgafoor
H2

പുഴ : ഡാ.... നീയിങ്ങോട്ട് വരുവോ?

മഴ : എന്താടി..... നിന്റെ ശബ്ദം വല്ലാതിരിക്കുന്നല്ലോ.

പുഴ : നിനക്കും ഇപ്പൊ എന്നെ വേണ്ടാതായോ?

മഴ : നീയെന്താ ഇങ്ങനൊക്കെ പറയണേ.
നിനക്കെന്താ പറ്റിയെ.... പറ.



പുഴ : ഏയ് ഒന്നൂല്യ. നിനക്കെന്റെ വിഷമങ്ങൾ
ഒന്നും അറിയണ്ടല്ലോ. അല്ലെങ്കിലും
എനിക്കറിയാം, പഴയ ഭംഗി ഒക്കെ
പോയതോണ്ട് നിനക്ക് ഇപ്പൊ എന്നെ
വേണ്ടാതായി.

മഴ : എനിക്ക് നിന്നെ ഒരിക്കലും വേണ്ടാതാവില്ല.
നീ കരയാതെ കാര്യം പറ.

പുഴ : ഇവിടെ എല്ലാരും എന്റെ മുഖത്ത് കാറി തുപ്പുന്നു. മാലിന്യങ്ങളെല്ലാം
എന്റെ ദേഹത്താ എറിയുന്നേ. എനിക്ക് വയ്യ..... ഞാനിങ്ങനെ
വറ്റി വറ്റി അങ്ങ് ഇല്ലാതായിക്കോളും. അപ്പൊ എല്ലാർക്കും
സമാധാനാവും.

മഴ : നീ കരയല്ലേ, ഞാൻ ദേ എത്തി. നിന്നെ ദ്രോഹിച്ചവരോടെല്ലാം പകരം
ചോദിച്ചിട്ടേ ഇനി ഒരു തിരിച്ച്പോക്കുള്ളൂ....

പുഴ : സത്യായിട്ടും?

മേഘങ്ങൾ ഇരുണ്ടുകൂടി. മഴയുടെ വാക്കിലെ സത്യം വെളിവാക്കി
ആദ്യത്തെ തുള്ളി പുഴയുടെ നെറ്റിയിൽ ചുംബിച്ചു...

**********

# അരുവി

ശേബ മെഹ്താബ് കെ ബി,
10 G

സ്റ്റാഫ്റൂമിനു മുന്നിൽ ഹിന്ദി ടീച്ചറെ കാണാനായി നിൽക്കുന്ന സമയം. പഠിക്കാതെ പോയ ക്രിസ്മസ് പരീക്ഷ എളുപ്പമായതിലുള്ള ആവേശം വെറ്തെ പൊട്ടിച്ചീകുന്നതിനിടെ ടീച്ചർ വന്നോയെന്നറിയാൻ ഉള്ളിലേക്കൊന്ന് പാളി നോക്കി. ഇതിനുമുന്നെ അവിടെവടീം കാണാത്ത ഒരു രൂപത്തെയാണ് കണ്ടത്. നീലയിൽ കുറുകെ റോഡുവെട്ടിയപോലുള്ള വെള്ള വരകൾ നീങ്ങുന്ന ഫുൾ സ്ലീവ് ഷർട്ട്, ജീൻസ്. ഇച്ചിരി മുടിക്കുറവുണ്ട് മുന്നിൽ. മനസ്സിൽ എന്തെല്ലാമോ പ്രത്യേകതകൾ തോന്നിയെങ്കിലും വാചകമടിയിലേക്ക് നാവിനെ തിരിച്ചിട്ടു. കുറച്ചുസമയത്തിനുള്ളിൽ തന്നെ കുട്ടികളെല്ലാം സ്ഥലം കാലിയാക്കി. ഹിന്ദി ടീച്ചറേയും കാത്ത് ഞാൻ വരാന്തയിൽ ബാഗ് ചാരി വച്ചു. തിരിഞ്ഞൊന്നു നോക്കിയപ്പോൾ ഗീത ടീച്ചർ വിളിക്ക്ണ്ട്. അടുത്തുചെന്നപ്പോൾ ടീച്ചറുടെ വിരലുകൾക്കുമുന്നിലായി ആ മനുഷ്യൻ എനിക്ക് കാണാനായി നിന്നു. അതൊരു ട്രാൻസ്ജന്ററാണ്.... പേര് അരുവി..... ഫീമെയ്ൽ ഓപ്പറേഷനുള്ള പൈസണ്ടാക്കാൻ വന്നതാ. 'അരുവി' അതു മാത്രമേ ഞാൻ കേട്ടുള്ളൂ..... 'പരിചയപ്പെടണോ!'ന്ന് ചോദിച്ചപ്പോൾ ഒരു മടിയും കൂടാതെ 'മുടി' തലയാട്ടി. ടീച്ചറേറ്റവും കരുതലോടെ 'അരുവി' എന്ന് വിളിച്ചു. ഏറ്റവും വിനയത്തോടു കൂടിയും ആ മനുഷ്യൻ വിളി കേട്ടു വന്നു. അപ്പോഴായിരുന്നു ഞാൻ ശരിക്കും മുഖം കണ്ടത്. വെളുപ്പിനെ വെല്ലുന്ന സുന്ദരമായ കറുപ്പ്. അതിൽ നിന്നും സിൽവർ കളറായ മാലയും കമ്മലും എടുത്ത് കാണിക്കുന്നുണ്ട്. വിടർന്ന ചിരിയായിട്ട് ഒരു മനുഷ്യൻ. എന്തൊക്കെയോ പറഞ്ഞ് ടീച്ചറ് ന്നെ പരിചയപ്പെടുത്തി. അപ്പോഴാണ് കണ്ണ്കൾ ഞാൻ കണ്ടത്. മുൻപെവിടെയും കാണാത്ത നെറം. പച്ചയുടെ ഏറ്റവും തെളിമയാർന്ന കളറെന്നുപറയണം. 'അരുവി' തിരിച്ചെനിക്കായി പലതും ഒഴിക്കി ക്കൊണ്ടു വന്നു. 8 വർഷം മുമ്പ് വീട്ടിൽന്ന് പൊറത്താക്കി. ഇപ്പൊ കോഴിക്കോടാണ് താമസം. അങ്ങനെ ഇന്ന് ബസ്സില് വരുമ്പൊ പെമ്പിള്ളാര് കളിയാക്കീത് വരെ ശ്വാസമെടുക്കാണ്ട് പറഞ്ഞു.

തിരിച്ചെന്തോലൊക്കെ ചോയ്ക്കണംന്ന് ണ്ടാർന്നു. നാവിലൊന്നേ വന്നുള്ളൂ.

"പേരെന്താ"

"അരുവി"

"നല്ല പേരാണല്ലോ!"

"ആഹ്ണോ!"

അത്രയും പറഞ്ഞപ്പോഴേക്കും രണ്ടുപേരും നിശബ്ദമായി. മുമ്പെങ്ങോയുള്ള പരിചയം പോലെ വായടക്കാതെ ചിരി മാത്രം പരസ്പരം നൽകിക്കൊണ്ടിരുന്നു. കാലിൽ ചാരിവെച്ചിരുന്ന ഒരു സഞ്ചി എടുത്ത് പേഴ്സ് കുട്ടിപ്പിടിച്ച് പുറംതോളിലേക്ക് ചാരി. പിന്നെക്കാണാംന്ന് പറഞ്ഞ് ഷെയ്ക്കന്റ് ചെയ്ത് എച്ച് എം കാബിനിലേക്ക് പോയി. അത്രയും നേരമൊന്നും തോന്നാത്ത സുഗന്ധം! അരുവി തൊട്ടു പോയപ്പോഴാണ്. ഞാൻ കയ്യൊന്ന് മണത്തുനോക്കി. അതെ. കയ്യിൽ തന്നാ. തിരിഞ്ഞ് ആ ചിരി കാബിനിലേക്ക് കേറുന്നത് നോക്കിനിന്നു.
പെട്ടെന്ന് പുറകിന്നൊരു തട്ട്. ഹിന്ദിടീച്ചറാണ്. അനുസരണയുള്ള കുട്ടീടെപോലെ ഞാൻ ടീച്ചറ്ടെ കയ്യും പിടിച്ച് നടന്നു. ടീച്ചറ്ടെ അട്ത്ത് കസേരയിട്ടിരിന്ന് പാഠം കേൾക്കാൻ തൊടങ്ങി. ന്റെ മുഖത്തോട്ട് നോക്കുമ്പോൾ തല ടീച്ചറുടെ ഇഷ്ടാനുസരണം ഞാൻ ആട്ടിക്കൊടുത്തു.

മൂക്കിൽ നിന്നും ഇപ്പോൾ വീഴുംന്ന് പേടിച്ചിരിക്കണ ടീച്ചറ്ടെ കണ്ണടയ്ക്കുള്ളിലെ കണ്ണിലേക്ക് നേർക്കാഴ്ച്ച കിട്ടുമ്പൊ ഞാനറ്റുനോക്കി.
ആ കണ്ണുകൾ ഇവടെ വേറെ ആർക്കേലും ണ്ടോ! ടീച്ചറ് കാണാതെ ഞാൻ മെല്ലെ വലതുകയ്യൊന്ന് മണത്തു. ആ അരുവി തന്നെ! അതിജീവന അരുവി!!!

**********************

ജി.വി.എച്.എസ്.എസ്. വട്ടേനാട്

# 5 മിനിട്ട്

ആര്യലക്ഷ്മി,
7D



അന്ന്,
അവൻ ചെറുതായിരുന്നു.
ഒരു കാര്യോം ചെയ്യൂല
അമ്മയവനെ വഴക്ക് പറഞ്ഞിരുന്നു
അവൻ ചീറികരയും, പിണങ്ങും.
പക്ഷേ,5 മിനിറ്റ് കഴിഞ്ഞാൽ അവർ
പഴയ അമ്മയും മോനുമായി മാറും
ഇന്ന്,
വൃദ്ധസദനത്തിലിരിക്കുമ്പോൾ
അമ്മ പിറുപിറുക്കും,
' എന്താ 5 മിനിറ്റ് കഴിയാത്തത് ? '

..........................

# തടവറയിലെ സ്വർഗം

പലർക്കും സ്ക്കൂളൊരു തടവറയാണ്.
ഇന്നല്ലെങ്കിൽ നാളെ
അതൊരു സ്വർഗമായിത്തീരും
ഓരോ അധ്യാപകനും
ദൈവങ്ങളോ ചെകുത്താൻമാരോ
ആയി മാറാം.
ഓരോ പാഠങ്ങളും
ജീവിതത്തിന്റെ വഴികാട്ടിയാണെന്ന്
മനസ്സിലാക്കിയേക്കാം
ഓരോ മണിയൊച്ചയും
പുതിയ വഴിതിരുവകളായേക്കാം,
ഓരോ ലാസ്റ്റ് ബെഞ്ചും
സർഗാത്മകതയുടെ
തെളിവുകളാണെന്ന്
തിരിച്ചറിഞ്ഞേക്കാം,
ഓരോ സ്ക്കൂളും
ഒരു തടവറ+സ്വർഗ്ഗം തന്നെയാണ്.




Medhaja
5B

# ഇവർ അഭിമാന താരങ്ങൾ



സംസ്ഥാന ഐ. ടി. മേളയിൽ മൾട്ടിമീഡിയ പ്രസന്റേഷനിൽ നാലാം സ്ഥാനവും എ ഗ്രേഡും ഐ.ടി. ക്വിസ്സിൽ ബി ഗ്രേഡും നേടിയ ശ്രീ ഗോവിന്ദ്. എസ്



സംസ്ഥാന ഐ. ടി. മേളയിൽ മലയാളം ടൈപ്പിങ്ങിൽ എ ഗ്രേഡ് നേടിയ പൗർണ്ണമി. എം



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം നാടകത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ '**മീൻ കൊട്ടയിലെ സുബർക്കം**'



സംസ്ഥാന ഗണിത ശാസ്ത്രമേള എച്. എസ്. വിഭാഗം OTHER CHART 'A' grade നേടിയ ജിത്തുദാസ്



സംസ്ഥാന ഗണിത ശാസ്ത്രമേള എച്. എസ്. വിഭാഗം
STILL MODEL 'A' grade നേടിയ ജിത്തുദാസ്

സംസ്ഥാന സ്കൂൾ കലോൽസവം.. കഥാപ്രസംഗത്തിൽ
A ഗ്രേഡ് നേടിയ മീരാ മുരളിയും സംഘവും...
മീരാ മുരളി, സിദ്ധാർഥ് ,നാരായണൻ, നിരഞ്ജൻ,
നകുലൻ .





സംസ്ഥാന സ്കൂൾകലോത്സവം.. ഹൈസ്കൂൾ വിഭാഗം
സംസ്കൃതം പ്രഭാഷണത്തിൽ A Grade നേടിയ ഹരിനന്ദ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ
വിഭാഗം ആൺകുട്ടികളുടെ നാടോടി നൃത്തത്തിൽ
A ഗ്രേഡ് നേടിയ 8th Std.വിദ്യാർഥി ശിവസഞ്ജയ്.





സംസ്ഥാന സ്കൂൾ കലോത്സനത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ അഭിൻ ബാബു



ദേശാഭിമാനി അക്ഷരമുറ്റം ജില്ലാതല മത്സരത്തിൽ UP വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടിയ 5 B ക്ലാസിലെ അഭിനവ്.



State Football Team ലേക്ക് Selection ലഭിച്ച +1 ഹ്യുമാനിറ്റീസ് വിദ്യാർഥി ഫസൽ

# അമ്മ

ആരതി. വി.ജി, 9L

ഒരു  മഴത്തുള്ളിപോൽ എന്നെ

തഴുകിയ

ആർദ്രമാം കൈകൊണ്ടെന്നെ

താലോലിച്ച

എന്നിലെ കണ്ണീർത്തുള്ളിയെ

തട്ടിത്തെറിപ്പിച്ച

എൻ അമ്മയാണെനിക്കെല്ലാം



************



Vedhaja
5B

# ശരണം

amalgafoor, H2

"ന്നാലും അയ്യപ്പൻ ദൈവല്ലേ.... അപ്പൊ മൂപ്പർക്ക് കുട്ടീന്നും യുവതീന്നും തള്ളാന്നും ഒക്കെ ണ്ടോ മുത്തശ്ശീ? " അശ്വതിയുടെ കണ്ണിൽ കൗതുകത്തിന്റെ ഒരു മുത്ത് തിളങ്ങുന്നത് കണ്ടു. "നെന്നോട് പറഞ്ഞിണ്ട് ഞാൻ... തള്ള എന്ന പറയരുത് ന്ന്. അയ്യപ്പന് അങ്ങനൊന്നും ഇല്ല്യ....

പക്ഷെ അയ്യപ്പൻറെ കച്ചോടക്കാർക്ക് ണ്ടാവാലോ... "

മുത്തശ്ശി പറഞ്ഞു. "അപ്പൊ അയ്യപ്പൻ കച്ചോടം ചെയ്യ്ണ്ടോ? "

അശ്വതി വീണ്ടും അത്ഭുതപ്പെട്ടു.

"ഹേയ്..... അയ്യപ്പനെ കച്ചോടം ചെയ്യ്ണ്ണ്. നോക്കാൻ നിക്കണ്ട കുട്ടിയേ.... ദൈവത്തെ വിറ്റ് കാര്യം നേടുന്ന കാലാണ്.... കലികാലം." എന്തോ ഉരുവിട്ട് മുത്തശ്ശി നടന്നു. ദൈവത്തെ വിളിക്കാൻ എന്തോ... മുത്തശ്ശിയും ഭയക്കുന്നുണ്ടായിരുന്നു.

.....................

# ഇരുമ്പഴിക്കുള്ളിൽ...

PRIYAMVADHA.P, 10.H

തുരുമ്പുപടർന്ന ഇരുമ്പഴികൾക്കിടയിലൂടെ വന്ന നേരിയ വെളിച്ചം അയാളെ ഉണർത്തി. ശരീരത്തിലെ ചതവുകൾ അങ്ങിങ്ങായി കിടന്ന് നീറുന്നുണ്ട്. അരികിൽ വിരിച്ചിട്ടിരിക്കുന്ന പായയുടെ അടിയിൽ നിന്നും അയാൾ ആ കോടിയപാത്രം പുറത്തെടുത്തു.

“ടൊ, വേഗം നടക്ക്...... വല്ലതും വേണങ്കി ....”

അഴികളെ ഒന്നു തൊട്ടുതലോടിക്കൊണ്ട് ഒരു കൊമ്പൻമീശ നടന്നകന്നു. അഴിഞ്ഞൂർന്നിറങ്ങുന്ന ഉടുമുണ്ട്, ഒന്നു ഒതുക്കിയുടുത്തശേഷം അയാൾ പുറത്തേക്കിറങ്ങി. വേച്ചുവേച്ചുള്ള നടപ്പുകണ്ട് സെല്ലിന്റെ കാവൽക്കാരന്റെ മുഖത്തുവിടർന്ന പരിഹാസച്ചിരി അയാൾ പാതി തുറന്ന കണ്ണുകളിലൂടെ കണ്ടു.

“ എന്തേ ഇന്ന് ണീക്കാൻ വൈകീ....?” ആരോ ചുമലിൽ കൈവച്ചുകൊണ്ട് ചോദിച്ചു. കണ്ണുകൾ പൂർണ്ണമായി വിടർത്താനാവാതെ അയാൾ പതിയെ ഒന്നു തിരിഞ്ഞു നോക്കി. ആ മനുഷ്യന്റെ നെഞ്ചിൽ ചേർന്നുകിടക്കുന്ന മുഷിഞ്ഞ കുപ്പായത്തിൽ കാണുന്ന അഞ്ഞൂറ്റിപന്ത്രണ്ട് എന്ന അക്കം അയാൾ പതിയെ വായിച്ചെടുത്തു.

“ആ.., ഗോവിന്ദേട്ടനോ? അൽപ്പം വൈകി ” വിറച്ചുകൊണ്ട് അയാൾ പറഞ്ഞു.

"എന്തിനാ ഗോപാലാ വെറുതെ ആ കൊമ്പൻ മീശയെ ചൂടുപിടിപ്പിക്കുന്നേ?”

അൽപ്പം പതിഞ്ഞ സ്വരത്തോടെ ഗോവിന്ദൻ ചോദിച്ചു.

"വേണോച്ചിട്ടല്ല,ഒന്നും. ക്ക് സഹിക്കെട്ടു. എല്ലാത്തിനും ആ ദുഷ്ടൻ "

ഗോപാലന്റെ കണ്ണുകൾ കലങ്ങി വന്നിരുന്നു. വെറുതെ നീ വേണ്ടാത്തേന് നിക്കണ്ട, രണ്ട് ദിവസം കഴിഞ്ഞാൽ നിനക്ക് പോകേണ്ടതാ, അതോർത്തോ.

ഗോവിന്ദൻ ഗോപാലന്റെ കയ്യും പിടിച്ച് ഊൺമുറിയിലേക്ക് നടന്നു.

"എന്തിനാ? ഇക്ക് പോണോന്നില്ല്യ. ആ വീട്ടിൽ നിക്ക് കഴിയാൻ വയ്യ. ന്റെ കുട്ടീടെ മുഖം...”

"വേണ്ട..അതിനെക്കുറിച്ച് ഓർക്കരുത്..കഴിഞ്ഞതെല്ലാം കഴിഞ്ഞു.”

ഗോപാലൻ പറഞ്ഞുതീർക്കുന്നതിനുമുമ്പേ ഗോവിന്ദൻ ഇടയ്ക്കുകയറി പറഞ്ഞു.

"എങ്ങനെയാ ഞാൻ ഓർക്കാണ്ടിരിക്ക്യാ?

ആ രാത്രി എനിക്ക് മറക്കാൻ കഴിയ്യോ? ഞാൻ കേറിവരുമ്പോ കിടന്ന്
പെടയണ ന്റെ കുട്ടീടെ മുഖം എനിക്ക് മറക്കാൻ പറ്റ്യോ? ആ നന്ദികെട്ട
പന്നി എന്റെ കുട്ട്യേനെ. അവളുടെ ചോരവാർന്ന ആ മുഖം എനിക്ക് ഇപ്പഴും
ഓർമ്മയുണ്ട്. എന്റെ കയ്യില് ,ആ പഴയമുറിയിലെ ആ തുരുമ്പിച്ച പെട്ടിയിൽ
ഓനെ കുത്തിക്കീറിയ ആ കത്തിയുണ്ട്.

ഗോപാലാ ....നിന്നോടെന്താ ഞാൻ പറഞ്ഞേ? നീയിനി അത്
ഓർക്കരുത്. നടക്ക് വേഗം. മങ്ങിയപാത്രത്തിൽ ഇട്ടുതന്ന ആ ചോറുകട്ട
ഉടച്ചവർ കഴിച്ചു. കെട്ടികിടന്ന ഒരു ദുർഗന്ധം അതിൽ നിന്നും വരുന്നുണ്ടായിരുന്നു.
ഗോപാലനെ സെല്ലിലിരുത്തി , ഗോവിന്ദൻ തന്റെ കരാഗ്രഹത്തിലേക്ക് നടന്നു.
കീറിതുടങ്ങിയ പായ നിവർത്തിയിട്ട് അയാൾ അതിൽ കിടന്നു.
പാതിയടഞ്ഞു തുടങ്ങുന്ന കണ്ണുകളിലൂടെ അയാൾ ആ രാത്രിയെ ഓർത്തു.
ഗോപാലൻ തനിക്ക് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുതന്നിട്ടുള്ള ആ രാത്രി.

എൻട്രൻസ് പരീക്ഷ വൻ വിജയത്തോടെ പാസായി ഏട്ടനടുത്തേക്ക്
ഓടിയെത്തിയ മാളൂട്ടി. അച്ഛനമ്മമാർ ഇല്ലാത്ത മാളുവിന്റെ എല്ലാമായിരുന്നു
ഗോപാലൻ. സൂര്യനുണരുന്നതുമുതൽ ചന്ദ്രന്റെ നിലാവുപരക്കുംവരെ അവൾക്ക്
വേണ്ടി കൂലിപണിയെടുത്ത ഗോപാലൻ. തന്റെ അനുജത്തിയെ ഒരു നല്ല
നിലയിലാക്കാൻ അവൻ എന്നും ആഗ്രഹിച്ചു. എല്ലാം അവൾ അവളുടെ
ഗോപാലേട്ടനുമായിയാണ് പങ്കുവച്ചത് ;അവളെ ഭ്രാന്തമായി പ്രണയിച്ച
ആ ലഹരിയടിമയെക്കുറിച്ചും. ചുവന്ന കവിളുള്ള ആ സുന്ദരിക്കുട്ടിയെ ആ രോഗി
ഒരുപാട് ആഗ്രഹിച്ചു. അവളെ സ്വന്തമാക്കാൻ അവൻ ആഗ്രഹിച്ച ആ രാത്രി.
പരീക്ഷയിൽ വിജയം കൈവരിച്ച തന്റെ പ്രിയപ്പെട്ട
അനിയത്തിക്കുവേണ്ടി മധുരപലഹാരങ്ങൾ ആയിട്ടെത്തിയ ഗോപാലൻ കണ്ടത്
പിച്ചിച്ചീന്തിപ്പെട്ട തന്റെ .......
പൂർണചന്ദ്രന്റെ നിലവിനിടയിലൂടെ അവൻ കണ്ടു , വേലികൾക്കപ്പുറത്തുകൂടെ
ഓടിയകലുന്ന ആ മനുഷ്യനെ.... ആ ഭ്രാന്തനെ. ഇരുട്ടുനിറഞ്ഞ ആ വഴിയിലൂടെ
ഗോപാലൻ ഓടി. ഒരുപാടുദൂരം. തറവാട്ടുപറമ്പിന്റെ ഒററത്ത് നിൽക്കുന്ന
ആ മരം, ആ കുഞ്ഞുനാരകം. അതിനെ സാക്ഷിയാക്കി ഗോപാലൻ അവന്റെ
നെഞ്ചത്തുകോറിവലിച്ചു. ആ നീചന്റെ ദേഹത്തുകൂടി ഒഴുകുന്നചോരത്തുള്ളികളിലൂടെ
ഗോപാലൻ കണ്ടത് തന്റെ മുന്നിൽ പിടയുന്ന അനിയത്തിയേയാണ്.

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്

ഗോവിന്ദൻ കണ്ണുകളടച്ചു. പറമ്പിനപ്പുറത്തെ തോട്ടിലൂടെ ഒഴുകുന്ന ആ ഭ്രാന്തന്റെ ജഡം അയാളുടെ കണ്ണുകളെ ചുവപ്പിച്ചു. ഉള്ളുനടുങ്ങുന്ന വേദനയോടെ എത്രയോ തവണ താൻ കേട്ട ആ കഥയോർത്തു കൊണ്ട് ആയാൾ ഉറക്കത്തിലേക്ക് വീണു.

പകൽസൂര്യനും നിലാചന്ദ്രനും രണ്ടുതവണ വന്നുപോയി. ജയിൽപ്പുള്ളിയുടെ ആ മുഷിഞ്ഞ വേഷത്തെ ഊരിമാറ്റി ഒരു പുതിയ ഷർട്ടും മുണ്ടും അണിഞ്ഞ് ഗോപാലൻ പുറത്തേക്കു കടന്നു. "ഇനി എങ്ങോട്ടാ...?"

ഗോപാലനെ വാരിപ്പുണർന്നുകൊണ്ട് ഗോവിന്ദൻ ചോദിച്ചു.

അവിടേക്ക് ഏതോ ഓർമ്മയിൽ നിന്നുകൊണ്ട് ഗോപാലൻ പടിയിറങ്ങി. ആ ഓർമ്മകളിലൂടെയും ആ കൊമ്പൻമീശയെ അവൻ ശ്രദ്ധിച്ചു.

വെറുതെവിടില്ലെന്ന് പ്രതികാരഭാവവുമായി.

"എത്രയായി?"

"നൂറ്റമ്പത് ."

ആ പുത്തൻഷർട്ടിന്റെ പോക്കറ്റിൽ ചുളിഞ്ഞിരുന്ന ഇരുനൂറിന്റെ നോട്ടെടുത്ത് അയാൾ നൽകി. മലകളിലൂടെ മറയുന്ന ആ വെട്ടുവഴിയിലൂടെ അയാൾ നടന്നു. തറവാട്ടുപറമ്പിന്റെ അങ്ങേയറ്റത്തെ ലക്ഷ്യമാക്കി. അകലെനിന്നും അവ്യക്തമായി കാണുന്ന ആ കുഞ്ഞുമരത്തിനടുത്തേക്ക് അയാൾ നടന്നു. ചുവന്നുതുടുത്ത കണ്ണുകളുമായി കവിളുകളിലൂടെ ഊർന്നിറങ്ങുന്ന ആ കണ്ണീർത്തുള്ളികളിലൂടെ മാളൂട്ടി അയാളിലേക്ക് ചിരിച്ചോടിയെത്തി.

അയാളുടെ കാൽവയ്പ്പുകൾ പതിയെയായി. നെഞ്ചുനുറുങ്ങുന്ന വേദനയോടെ അയാൾ അവിടെ ചെന്നുനിന്നു. വീണ്ടും അതേ ആ നാരകമരത്തിന്റെ ചുവട്ടിൽ. പിടയുന്ന മനസ്സുകളോടെ .......

ആ മണ്ണിൽ നിന്നും ഉയരുന്ന തന്റെ കുഞ്ഞനുജത്തിയുടെ ഗന്ധം മനസ്സിലേക്കാവാഹിച്ചുകൊണ്ട് ഒരായിരം ഓർമ്മയുടെ ആദരാഞ്ജലികൾ അവൾക്കായി അർപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു.

"ഞാൻ ......ഞാൻ വന്നു മോളെ ....."

ഒരായിരം മറുവിളികളുടെ മാറ്റൊലിയുള്ള ഒരിളം കാറ്റ് അവിടെയെങ്ങോ പാറിനടപ്പുണ്ടായിരുന്നു.

***********

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്



Jithudas
10E

# വാതിൽക്കൽ...

ഹരിനന്ദ
8H

അവൾ പതുക്കെ പണിപ്പെട്ട് കണ്ണിമ തുറന്നു. നീര് വറ്റിയ അവ പരിചിതമല്ലാത്ത ഇടമായത്കൊണ്ട് അലഞ്ഞ് നടന്നു. ചുറ്റും ഡോക്ടർമാർ, നഴ്സുമാർ, പോലീസുകാർ, ആശുപത്രി ജീവനക്കാർ....
"എല്ലാവരും ഉണ്ട്, ഞാൻ ആശുപത്രിയിലാണോ" അവൾ ചിന്തിച്ചു
ചീറി പാഞ്ഞ് വരുന്ന ആംബുലൻസിൽ നിന്ന് മരണമണിയാണോ, ദീനരോദനമാണോ ? ആരോ വിളിച്ചു. നെറുകയിൽ തലോടി. ചുടുനെറ്റിയിലെ സിന്ദൂരരേണുക്കൾ മാഞ്ഞിരുന്നുവോ-
സുന്ദരീ, കണ്ണ് തുറന്നല്ലോ. Are you okay ? എന്താ ഉണ്ടായത് ? ഒന്ന് ഓർത്ത് നോക്കൂ... ഉം.. come-on".
സുന്ദരിയുടെ തൊണ്ടയിൽ മൗനം കുറുകി. മരണമൊഴി എന്ന ചിന്നിച്ചിതറിയ മുത്തുകളെ കോർത്തെടുക്കാൻ ഫയലുമായി നിൽക്കുന്ന പോലീസുകാരന് ധൃതിയായി.
" നിങ്ങളെ ആരെങ്കിലും വെള്ളത്തിലേക്ക് തള്ളിയിട്ടതാണോ ? അതോ നിങ്ങൾ വീണതാണോ ?"
വാക്കുകൾക്ക് അനുസരണ പോരാ, എന്നാലും ചിലതെല്ലാം കണ്ണിൻ മുമ്പിലൂടെ ഓടിക്കളിച്ച് സാറ്റടിച്ചു പതുങ്ങി നിന്നു. വെള്ളമായിരുന്നു ചുറ്റും. ചെറിയ താളത്തിൽ, പിന്നീട് ചെമ്പടക്കൊട്ടി, - കാവിലെ തോറ്റം പോലെ അലറിവിളിച്ച്.. കുതിച്ചുചാടി... കാടും മലയും പുഴയും കടന്ന്......
മെലിഞ്ഞുണങ്ങിയ കൈകൾകൊണ്ട് അവളൊന്ന് തപ്പിനോക്കി. കാലിലെ വെള്ളിക്കൊലുസുകൾ ചിരിക്കണില്ലാ.. മുത്തരഞ്ഞാണം അരയിലില്ല... തന്റെ മുടിയൊക്കെ മുറിച്ചുമാറ്റി.... തന്റെ പച്ച സാരി... ഇല്ല പകരം ആശുപത്രിയിലെ പച്ച പുതപ്പ് "... സുന്ദരി വിറച്ചു. അനുഭവങ്ങളെ വാക്കുകളിലൊതുക്കി നിർത്താൻ കഴിയണില്ലാ...
മുഴുവൻ പ്രാണവായുവും മതിയാകാഞ്ഞത് പോലെ അവൾ കുരച്ച നെഞ്ചിലൂടെ ശ്വാസം നീട്ടി വലിച്ചു.
ഡോക്ടർമാരെല്ലാം ചർച്ചയിലാണ്. എല്ലാ വിഭാഗക്കാരും വന്നിട്ടുണ്ട്. വിദേശത്ത് നിന്ന് വിമാനത്തിലും വരുന്നുണ്ടത്രെ... എന്നെ കാണാൻ...
"രക്ഷപ്പെടുത്താൻ എന്തും ചെയ്യണം" എന്ന് ആരൊക്കെയോ പറയുന്നു.
"രക്ഷപ്പെടുത്തണ്ട... രക്ഷപ്പെടണം എനിയ്ക്ക്... എന്റെ മക്കൾ... എന്റെ പൈക്കൾ... അതിങ്ങളെ കറക്കണം. ആട്ടിൻ പറ്റങ്ങൾ... കോഴിക്കിടാങ്ങൾ... മുറ്റത്തെ ചെടികൾ... പാടത്തെ പണി...

ഞാനില്ലെങ്കിൽ എന്താവും. ഇവിടുന്ന് പോണം". ഇടറുന്ന തനിക്ക് ഒരു കൈത്താങ്ങ്...
ചുറ്റും കട്ടിലുകൾ മറ്റ് ദുഃഖങ്ങൾക്ക് വേണ്ടി കാത്തിരിക്കുകയാണോ? പിടിച്ചുയർത്താൻ കരുത്തുള്ള ഒരു കൈപ്പുറടിയെ തേടി തൊണ്ട നനക്കാൻ ഒരു തുള്ളി വെള്ളം... അവളുടെ ഉള്ള് പിടഞ്ഞു. വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയ താൻ ഒരിറ്റ് വെള്ളം കിട്ടാതെ...ഊർദ്ധ്വവായു... തൂങ്ങിയാടുന്ന ഡ്രിപ്പിലേക്ക് അറിയാതെ ചുണ്ടുകൾ വഴിമാറി...
പലപല രോഗങ്ങളുടെ പേരുകൾ പറയുന്നു. അവ ചുറ്റും പൂമ്പാറ്റയെപോലെ പാറി. ("നാഡിഞരമ്പിനെ ബാധിച്ച് വാതമാവാൻ സാദ്ധ്യതയുണ്ട്... ചെളിയിലായത് കൊണ്ട് മേലാകെ പുണ്ണ് വരാം... ചൊറി വന്ന് പഴുത്ത്. ഞരമ്പുകൾ നോക്കി സൂചികൾ കുത്തിയിറക്കണം.") അസ്തമിക്കാത്ത സൂര്യനായി ശരീരത്തിൽ പനി വിള്ളലുകൾ വരുത്തുന്നു. ഒരു ഒറ്റത്തിരി വെളിച്ചം. ഇവിടെ നിന്നൊന്ന് പിടിച്ചുയർത്താൻ ഒരാൾ ? അറിയാതെ അവൾ തന്റെ വലത് കൈ ഉയർത്തി.
അനുസരണക്കേട് കാട്ടാതെ ശരീരവും....

.................................

ജി.വി.എച്.എസ്.എസ്. വട്ടേനാട്



Medhaja
5B

# പ്രകൃതിസ്നേഹം

നമ്മൾക്ക് കിട്ടിയ സ്നേഹമാണ് പ്രകൃതി
നമ്മളെ കാത്തൊരു ദൈവം പ്രകൃതി
പ്രകൃതിയിൽ ഓടിക്കളിച്ചു വളർന്നു നാം
മാതൃസ്നേഹത്തിന് തുല്യം പ്രകൃതി.
ജീവന്റെ ജീവൻ നമ്മുടെ പ്രകൃതി.
പച്ചപ്പിൽ ഓടിക്കളിച്ചു നാം വളർന്നു
സ്നേഹിക്കൂ സ്നേഹിക്കൂ പ്രകൃതിയേ നമ്മൾ
വാനോളം ഉയരെ സ്നേഹിക്കൂ പ്രകൃതിയേ.
അമ്മയുടെ സ്നേഹം നൽകുന്ന പ്രകൃതി
ആ പ്രകൃതിയെ നമ്മൾ ദ്രോഹിക്കരുത്
പച്ചയെ നമ്മൾ മറക്കരുത്!
ദാഹമകറ്റാൻ ജലം നൽകുന്ന
ജീവനു വേണ്ട വായു നൽകുന്ന
നമ്മൾ മറക്കരുതാപ്രകൃതിയെ
നമ്മൾ മറക്കരുതാപ്രകൃതിയെ
പ്രകൃതിസ്നേഹം നാം മറക്കരുത്!

മനീഷ്. വി
7 A

# വഴിത്തിരിവ്

ശ്രീലക്ഷ്മി.എ.വി
M.L.T-1

ഹേമന്ത് അതിരാവിലെ തന്റെ വിട്ടിലെ പഴക്കം ചെന്ന റേഡിയോവിലൂടെ കർ..കർ..ശബ്ദത്തിനിടയിലൂടെ ഒരു ഞെട്ടിക്കുന്ന വാർത്ത......... "കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തം. രാത്രിയെന്നോ പകലുകളെന്നോ ഇല്ലാതെ, സംഹാര താണ്ഡവമാടിയ പ്രളയം, അല്ല, മഹാപ്രളയം". തന്റെ, അൽഷിമേഴ്സ് ബാധിതയായ തന്റ അമ്മ... ഹേമന്ത് തന്റെ ഉദരത്തിലായിരുന്ന സമയത്ത് തന്നെ തങ്ങളെ ദുരിതത്തിനടിയിൽ സ്വന്തം, സുഖ സൗകര്യങ്ങൾക്കു പ്രാധാന്യം നൽകി, അന്യനാട്ടിലേക്ക് ഒളിച്ചോടിയ അച്ഛൻ, ഹേമന്തിന്റെ അഞ്ചാമത്തെ വയസ്സിൽ അവർ അറിഞ്ഞു.... അന്യ നാട്ടിൽ... മറ്റൊരു വിവാഹം കഴിച്ചു... തന്റെ ഹേമന്തിനെ പോലത്തെ രണ്ട് മക്കൾ കൂടി തന്റെ ഭർത്താവിന്റെ കൂടെ താമസിക്കുന്നുവെന്ന്... സ്വയം കുറ്റ ബോധം സഹിച്ചു കഴിന്ന ഹേമന്തിന്റെ അമ്മ ഗീതക്കു ഏക ആശ്വാസം തന്റെ രക്തത്തിൽ പിറന്ന മകൻ ആയിരുന്നു.

എല്ലാ കഴിവുകളും ഭഗവാൻ ഒരാൾക്കായി അറിഞ്ഞു നൽകില്ലെന്നു പറയുന്നത് പരമാർത്തം തന്നെ. നിഷ്കളങ്ക മുഖത്തിനുടമയായിരുന്നു ഹേമന്ത്.... ഇടതു കവിളിലെ നുണക്കുഴി, ഹേമന്തിന്റെ ഓരോ പ്രവൃത്തികളും ഏവരുടെയും ഹൃദയത്തിൽ ഇടം പിടിക്കുന്നതായിരുന്നു. നിർഭാഗ്യ വശാൽ...... ഒരേയൊരു കുറവ്... ഊമയാണവൻ, സംസാര ശേഷി നഷ്ടപ്പെട്ടു.......... അതും ജൻമനാ... ഏറെ കഷ്ട്പ്പെട്ടാണ് ഗീത ഹേമന്തിനെ വളർത്തിയത്. ഹേമന്തിന്റെ പത്താം വയസ്സിലാണ് അമ്മ ഗീതയുടെ അസുഖം തിരിച്ചറിഞ്ഞത്. ഏറെ സൂചനകൾ കണ്ട് സംശയം തോന്നിയ, ഗീത ജോലിക്ക് പോയിരുന്ന വീട്ടിലെ Dr മാലിനി മേഡം ആണ് ഈ അസുഖ വിവരം അറിയിക്കുന്നത്. ഹേമന്തിന് ഈ വിവരം സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. ശുഭാപ്തി വിശ്വാസം കൈവിടാതെ, പല ഫാക്ടറികളിലും ജോലിക്ക് പോയും അമ്മയെ തന്റെ ദുരിതമനുഭവിക്കാതെ നോക്കി.

അങ്ങനെയിരിക്കെ ഒരു നാൾ..........


കേരളമൊട്ടാകെ നടുങ്ങി. നവജാത ശിശുക്കളെന്നോ... ഗർഭിണികളെന്നോ .....വൃദ്ധരെന്നോ ഇല്ലാതെ , ജലം ആർത്തുവന്ന് കൊണ്ടുപോയി. ഭാഗ്യമെന്ന് പറയട്ടേ പ്രളയത്തിനിടയിൽ ഹേമന്ത് രക്ഷപ്പെട്ടു.തലനാരിഴക്ക്. എന്നാൽ ........ അമ്മയെ രക്ഷപ്പെടുത്താൻ അവന് സാധിച്ചില്ല. അൽഷിമേഴേസ് രോഗിയായ

തന്റെ അമ്മയെ കാർന്നു തിന്നുന്ന സമയത്തായിരുന്നു ആ ദുരന്തം സംഭവിച്ചത്. മനസ്സിൽ ആരുടെയും മുഖമില്ല. എല്ലാം..... ശൂന്യം. ഹേമന്ത്... ഒരു ഭ്രാന്തനെ പോലെ അലയുകയായിരുന്നു.... അമ്മേ.. എന്ന് പോലും വിളിക്കാൻ കഴിയിതെ... എന്നാലും അവൻ തളർന്നില്ല, ദീർഘ നേരത്തെ അലറലിനു ശേഷം അവൻ ഒരു നിമിഷം അവന്റെ ചുറ്റുപാടിലേക്ക് കാതോർത്തു. അമ്മ ആരാ, അച്ഛനാരെമ്മറിയിതെ, എന്തിന്....., അൻപത് ദിവസത്തിലേറെ പ്രായം ചെല്ലാത്ത പിഞ്ച് കുഞ്ഞ് ... അവൻ കാതോർത്തു. ഏറെനേരത്തെ നിശബ്ദതക്കു ശേഷം.....പിന്നെ ഒന്നും അവൻ ഓർത്തില്ല. അവൻ തീരുമാനിച്ചു.. ആരെന്നില്ലാതെ.... ആർക്കെന്നില്ലാതെ കരയുന്ന ജനങ്ങൾക്കായി, ഇനിയെന്നും ഹേമന്ത്... ആരും ഇല്ലാത്തവനല്ല, ആരെയും തനിച്ചാക്കാതെ... ഒരു വലിയ കുടുംബത്തിലെ അംഗമായി ജീവിക്കുന്നു. ഹേമന്തിനു താഴെ ഇപ്പോൾ ഒന്നല്ല, പത്തിലേറെ സഹോദരങ്ങളാണ്. വീണ്ടും തന്റെ ഉത്തരവാദിത്വങ്ങളിലേക്ക് ആഴ് ന്നിറങ്ങി ക്കൊണ്ട് ,
ഹേമന്ത് ഇന്നും ജീവിക്കുന്നു.....അന്തസോടെ.......അഭിമാനത്തോടെ.....


........................................




Aswinkrishna 8m




Aswinkrishna 8m




Abishek
8F

# കളിക്കൂട്ടം കളിനിർത്തുന്നില്ല തുടരുകയാണ്......

നാടകത്തിന് നല്ല വളക്കൂറുള്ള മണ്ണാണ് കുറ്റനാട്. ..നിരവധി നാടകപ്രവർത്തർക്ക് ജന്മം നൽകിയ നാട്..... നാടകോത്സവങ്ങളുടെ നാട്..... ഈ പാരമ്പര്യം വട്ടേനാടിന് സ്കൂളിനുമുണ്ട്....

വട്ടേനാട് സ്കൂളിൽ 15 വർഷങ്ങളായി കളികൂട്ടം തിയറ്റർ ഗ്രൂപ്പ് പ്രവർത്തിച്ച് വരുന്നു... കലോത്സവങ്ങളിൽ ശാസ്ത്രമേളകളിൽ നാടകം അവതരിപ്പിക്കുക എന്നതിനപ്പുറം നാടകോത്സവങ്ങളിലും നാടകങ്ങൾ അവതരിപ്പിക്കുന്നു...



മറഡോണ

ഇവിടുത്തെ നാടകങ്ങൾ കലോത്സവത്തോട് കൂടി അവസാനിക്കുന്നില്ല.....

തൃത്താല സബ്ജില്ലയിൽ ശാസ്ത്രനാടകം, എച്ച്.എസ് മലയാള നാടകം, യു.പി മലയാളനാടകം, സംസ്കൃത നാടകം,അറബിക് നാടകം ,ഇംഗ്ലീഷ് സ്കിറ്റ്, റോൾപ്ലേ എന്നിവയിൽ പ്രത്യേകം ശ്രദ്ധ നേടിയതായിരുന്നു വട്ടേനാട് സ്കൂളിലെ നാടകങ്ങൾ......കലോത്സവങ്ങളിൽ ജില്ലയിലും സംസ്ഥാനത്തും നിരവധി തവണ എ ഗ്രേഡ് നേടിയിട്ടുണ്ട്.

കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ



മറഡോണ

സംസ്ഥാന കലോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട തളപ്പ്, ആനന്ദലീല, മുത്താപ്പായുടെ സുബർഗ്ഗം, അല്ല പഞ്ഞികിടക്ക, കാകപക്ഷം, മറഡോണ

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്

എന്നീ നാടകങ്ങൾ പ്രേക്ഷകരുടെ പ്രത്യേക ശ്രദ്ധ നേടി...... കഴിഞ്ഞ വർഷത്തെ നാടകം കേരളത്തിനകത്തും പുറത്തുമായി 61 വേദികളിൽ അവതരിപ്പിച്ചു....ബോംബെയിലെ ഡോബി വില്ലിയിൽ ഈ നാടകം അവതരിപ്പുക്കുകയുണ്ടായി....കലോത്സവങ്ങളിൽ മികച്ച നടൻ, നടി എന്നീ നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഇംഗ്ലീഷ് റോൾപ്ലേയിൽ നിരവധി തവണ സംസ്ഥാന തലത്തിൽ സമ്മാനം നേടി സൗത്ത് സോൺ മത്സരത്തിൽ മൂന്നാം സമ്മാനത്തിനർഹമായി.

മത്സരങ്ങൾക്കപ്പുറം പാഠ്യോപാധിയും നാടകത്തെ ഉപയോഗപ്പെടുത്തുന്നു, എസ് .എസ് .എൽ .സി ക്ലാസുകൾക്കുള്ള പ്രത്യേക കോച്ചിംഗ് ക്ലാസുകളിൽ തിയറ്റർ സാധ്യത ഉപയോഗിക്കുന്നു..... കൂടാതെ കളിക്കൂട്ടം തിയറ്റർ ഗ്രൂപ്പ് ഈ വർഷം ചില പ്രത്യേക പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു....... ദിനാചരണങ്ങൾ, പ്രത്യേക പാഠഭാഗങ്ങൾ നാടകരീതിയിൽ അവതരിപ്പിക്കുന്നു......

ഈ വർഷം തുടങ്ങിവെച്ച സൈക്കിൾ തിയറ്റർ... ലഘുനാടകങ്ങൾ സ്കൂളിന്റെ പരിസര പ്രദേശങ്ങളിൽ അവതരിപ്പിക്കുക എന്നതാണ് ഇത്.....ബോധവത്കരണമാണ് ഇത് കൊണ്ട് ഉദ്ധേശിക്കുന്നത്.......അങ്ങനെ നാടകപ്പെരുമയുടെ ഒത്തിരി ഒത്തിരി വിശേഷങ്ങളുമായി ജൈത്രയാത്ര തുടരുകയാണ് വട്ടേനാട് സ്കൂളിലെ കുട്ടികളും അധ്യാപകരും......

## *മീൻകൊട്ടയിലെ സുബർക്കം*

അത്രയൊന്നും നാറ്റമില്ല ഈ മീൻ കൊട്ടയ്ക്ക്. അത് നിറയെ മീനുമല്ല. മടിയന്റെ സ്വപ്നവും പണിയെടുക്കുന്നവന്റെ വിയർപ്പും ചേർത്തു വച്ച ഇമ്മിണി വല്യ മീൻ കൊട്ടയാണിത് . ഹൈസ്കൂൾ വിഭാഗം നാടക മത്സരത്തിൽ ഒന്നാമതെത്തിയ **മീൻ കൊട്ടയിലെ സുബർക്കം** നിറഞ്ഞ കൈയടിയോടെ സദസ് ഏറ്റുവാങ്ങി.ആവിഷ്കാരത്തിലും ആശയത്തിലും പുതുമയില്ലാതെ പൊതുവെ തണുത്തു പോയ വേദി ഈ നാടകത്തോടെ പൊടുന്നനെ ഉണർന്നു .

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്



പാലക്കാട് ജില്ലയിലെ വട്ടേനാട് ഗവ: ഹൈസ്കൂൾ വിദ്യാർത്ഥികളാണ് ഈ നാടകം അരങ്ങിലെത്തിച്ചത്. മുസ്തഫയും കൂട്ടരും പാലാക്കാട്ടു നിന്ന് കൊണ്ടുവന്ന കാലിക്കുട്ട നിറയെ സമ്മാനമായാണ് ആലപ്പുഴയിൽ നിന്ന് മടങ്ങിയത് മടിയനായ മകനെ ജീവിതം പഠിപ്പിക്കാൻ വേണ്ടി നാടകം കളിക്കുന്ന കുടുംബത്തിന്റെ കഥയാണ് നാടകം പറയുന്നത് . മത്സ്യത്തൊഴിലാളിയുടെ ജീവിതത്തിലൂടെയാണ് ജീവിതത്തിൽ കഷ്ടപ്പാടിന്റെ മഹത്വം മടിയനായ മുസ്തഫയെ പഠിപ്പിക്കുന്നത്.മുസ്തഫയായി കാണികളെ കൈയിലെടുത്ത അബിൻ ബാബുവാണ് മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടത് . കലോത്സവങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കാതെ കേരളത്തിലെ വിവിധ വേദികളിൽ ഇവർ നാടകം അവതരിപ്പിക്കുന്ന .





മുസ്തഫയ്ക്ക് വിയർപ്പിലൂടെ അന്നം കണ്ടെത്തുക എന്ന മഹത്തായ സന്ദേശം നൽകുകയാണ് നാടകം കേരളത്തെ മഹാദുരന്തത്തിൽ നിന്നും രക്ഷിച്ച കടലിന്റെ മക്കൾക്കാണ് ഈ നാടകം സമർപ്പിച്ചിരിക്കുന്നത് അധ്യാപകരായ എം. രഘുനാഥൻ, എൻ. പ്രദീപും ചേർന്ന് രചിച്ച നാടകം സംവിധാനം ചെയ്തത് കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവായ അരുൺലാലാണ്.

*********

ജി.വി.എച്.എസ്.എസ്. വട്ടേനാട്

# മേഘങ്ങൾ

പഞ്ഞിക്കെട്ടുകൾ മാനത്ത്
പരന്നപോലെ വെയിലത്ത്
അടിച്ചുപാറും കാറ്റത്ത്
പറന്നു മേഘം ചേലത്ത്

ഉറച്ചു നിൽക്കാനാവില്ലേ?
പിടിച്ചു നിർത്താനാവില്ലേ?
മറിഞ്ഞുവീണാൽ നോവില്ലേ?
നിലത്ത് വീണാൽ ഞാനില്ലേ?

വേനൽക്കാലം പോയല്ലോ
മാരികാറുകൾ വന്നല്ലോ
കനത്ത കാറ്റും ചേർന്നല്ലോ
പെരുത്ത മഴയും പെയ്തല്ലോ

Bhavya.M.B
9.A


COMICS
Devananda 8L
THIS ALWAYS HAPPENS THE FIRST DAY OF SCHOOL....
HI SWEETIE HOW WAS SCHOOL TODAY
YOU CAN READ ALL ABOUT IT ON MY FACE BOOK DAD!!!
SPORT







ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്



Vedhaja 5B



Vedhaja 5B

# പ്രളയക്കെടുതിയിലെ ജീവിതങ്ങൾ

അഞ്ജലി എം.പി
H-1

*വീശി അടിച്ചത് കൊടും കാറ്റല്ല!*
*അലറി വിളിച്ചത് യക്ഷിചത്തം അല്ല!*
*പാണന്റെ പിടച്ചിലിൽ എല്ലാം വെള്ളം കൊണ്ട് പോയി*

അന്ന് , ആ ദിവസം അവന് മറക്കാൻ സാധിക്കില്ല. തൻെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളിലേക്ക് വിദ്യാലയ മുറ്റം തുറന്നപ്പോൾ , ഓണപൂക്കളിൽ കളമെഴുതാൻ ആഗ്രഹിച്ച നിന്ന ആ കുഞ്ഞിന്റെ മുന്നിൽ ഇന്ന് വിജ്ഞാനമായ പാതകൾ ചപ്പ ചവറുകളാൽ മൂടികെട്ടികിടക്കുന്നു.



തന്റെ വീട് നഷ്ടപ്പെട്ട അവന് ഇനി മുന്നില്ലുള്ളതും തന്റെ വിദ്യാലയമുറ്റം തന്നെ. മഴകെടുതികൾ എന്റെ എല്ലാം കൊണ്ടുപോയി , തമ്പുരാനെ ഞാൻ ഇനി എങ്ങനെ ജീവിക്കും, എങ്ങനെ പോറ്റും എന്റെ ഈ മക്കളെ. തന്റെ അച്ഛന്റെ നിലവിളി ഉയർന്നത് അവന് വളരെയധികം ദുഖത്തോടെ നോക്കി നിൽക്കാനെ സാധിച്ചുള്ളു. തന്നെയും ചേട്ടൻമാരെയും കൂലിപ്പണി ചെയ്ത് പോറ്റുന്ന അച്ഛന്റെ എല്ലാ സമ്പാദ്യവും ആ കുടിലിനുള്ളിലാണ്. അതിന്റെ നഷ്ടം പണചാക്കിനു മുകളിൽ കിടന്നുറങ്ങുന്നവർക്കറിയാൻ വഴിയില്ല. അച്ഛന്റെ ശബ്ദവും, പെരുമാറ്റവും ഓരോ ദിവസവും മാറിക്കൊണ്ടിരുന്നു. മഴ അന്നും ശക്തിയായി പെയ്യുന്നു. വയ്യാത്ത ചേട്ടൻമാരുടെ മുന്നിൽ അസഹിഷ്ണത വച്ച് പുലർത്താൻ നിൽക്കാതെ ആ വിദ്യാർത്ഥി ഇറങ്ങി തന്റെ അച്ഛന്റെ ജോലിയിലെ ഒരു തൊഴിലാളിയായി മാറാൻ. ആ കുടുംബത്തിലെ ഏക വിദ്യാർത്ഥിയായിരുന്നു അവൻ. അമ്മ മരിച്ചെങ്കിലും അമ്മയുടെ സ്നേഹം വളർത്തി അച്ഛൻ. മൂന്ന് ആൺക്കുട്ടികളെയും നോക്കി വളർത്തിയ ആ അച്ഛന് ഇവനെ മാത്രമേ വിദ്യാഭ്യാസം നൽകാൻ സാധിച്ചുള്ളു. ഹൈസ്കൂൾ വിദ്യാർത്ഥിയായ അവന്റെ ഒരാഗ്രഹം പോലും നടത്താൻ കഴിഞ്ഞില്ല എന്ന വിഷമം അച്ഛനെ അലട്ടുന്നു.

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന് പോവുന്ന കാഴ്ചകൾ പറമ്പിലെ കവുങ്ങുകൾ വീഴുന്നതിലൂടെ അവൻ കണ്ടു. കുടിലിന്റെ സ്വപ്നങ്ങളിൽ പോലും ജീവിക്കാൻ  സാധിക്കാത്ത വിധം മഴ നശിച്ചു, നശിപ്പിച്ചു. അന്ന് ആ കൊല്ലത്തെ ആദ്യ ദിവസം ഓണകാലത്തിന്റെ പുത്തനുണർവ് സുഗന്ധം പുതുവർണങ്ങൾ ഏറെ ആഗ്രഹങ്ങൾ ഉള്ളിൽപൊട്ടിച്ചിട്ടു തുടങ്ങി. അന്ന് രാത്രി ശക്തിയായി കരഞ്ഞു. ആ കരച്ചിലിനെ തുടർന്ന് ഭൂമിയുടെ ഭാരത്തെ പോലും താങ്ങാൻ സാധിക്കുന്ന ഭൂമിയ്ക്ക് ആ കണ്ണുനീരിലൂടെ ലയിച്ചുചേർന്നു. അതിൽ അവന്റെ കൊച്ചു കുടിലും. ആകാശത്തിനിതെന്തു പറ്റി ഭൂമിയോടിത്ര ദേഷ്യത്തിനായി. ജീവിതത്തിലെ ഒരുപാട് വിഷമഘട്ടങ്ങൾ താണ്ടിയ അവന്



ഇത് താങ്ങാവുന്നതിലും ഏറെ ആയിരുന്നു. സ്കൂളിലെ ദുരിതാശ്വാസ ദിനത്തിന്റെ മുന്നോട്ടുള്ള ജീവിത ദുരിതത്തെ കുറിച്ച ആവലാതിയോടെ നോക്കി നിന്നു. അതിനിടയിലെ കൊള്ളകൾക്കും സാക്ഷിയായി അവൻ നിശ്ചലമായി  നിന്നു. ദുരിതാശ്വാസ സ്ഥലങ്ങളിലേക്ക് കൊള്ളയടിക്കാനായി മാത്രം എത്തുന്ന  രാഷ്ടീയക്കാരുടെ ചുയ അടങ്ങിയ ഭക്ഷണം.

ആദ്യ നാളുകളിലെ വിഷമം മാത്രം ചിത്രീകരിക്കുന്ന പത്രവിദഗ്ധർ കാമകണ്ണുകളാൽ നടക്കുന്ന   ജീവികൾ. വലയങ്ങളിൽപ്പെട്ട് ജീവിക്കുന്ന ജീവിതങ്ങൾ മാത്രം ബാക്കി. ജീവിതവലയങ്ങളിൽപ്പെട്ട ഒരുപറ്റം പട്ടിണികളുടെ കരച്ചിൽ , സഹായങ്ങൾ അഭ്യർത്ഥിക്കുന്ന കണ്ണുകൾ എല്ലാം അവൻ കണ്ടു. ആ പൊട്ടിയ ജനൽ കമ്പികളിലൂടെ . അപ്പോഴും മഴ കരഞ്ഞുകൊണ്ടേയിരുന്നു.....

ഭൂമിയ്ക്ക് താങ്ങാൻ ആകാതെ വീണ്ടും, വീണ്ടും....

....................................

.

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്

# AN INSPIRATIONAL STORY

Swaliha.n

One day a young boy asked his father what is the value of his life. Instead of answering the father told his on to take this rock and go sell it at market . If anybody asks the price. Raise two fingers and don't say anything. The boy then went to the market and a women asked; how much is this rock ? I want to put it in my garden . The boy did not say anything and raised up two fingers.... and the women said :

two dollars ? I'll take it !

And the boy went home and told his father. A women wants to buy this rock for two dollars the father then said ; son I want you to take this rock to a museum if anybody wants to buy it , don't say a word and just put up two fingers the boy then went to a museum and a man wanted to buy the rock . The boy did not say a word and put up two fingers and the man said ; two dollars ? I will take it! The boy was shocked and went running home..father, a man wants to buy this rock for two dollars his father then said son the last place i want you take this rock is to a precious stone store... show it to the owner and did not say a word and if he asks the price just put up two fingers. The son then to a precious stone store. He showed the rock to the owner where did you find this stone ? It is one of the most rarest stones of the world ... I must have it . How much would you sell it for? The boy pot up two fingers and the man said :I will take it for.... 200000 dollars! The boy not knowing what to say ran home to his father. Father there is a man who wants to buy the rock for 200000 dollars ! His father then said ;son do you

**know the value of your life? You see ... it dose not matter where you come from. Where you were born, the colour of your skin or how much money you were born into. It matters where you decide to place your self . The people you surround your self with and how you choose carry your self . You may have live your whole life thinking you were a two dollar stone . You may have lived your whole life. Surrounded by the people that saw your worth only for two dollars but everybody has a diamond inside of them and we can choose to surround ourselves with people that see our value and see our diamond inside of us.....we can choose to put ourselves in a market or put ourselves in a precious stone store! And you all so choos to see the value in other people. You can help other people see the diamond inside of them. Choose the people you surround yourself with wisely. That can make all the diffrence in your life .**

**Dare to do...............**

************

# ആദ്യം മധുരിക്കും പിന്നെ കയ്ക്കും

ആര്യലക്ഷ്മി
7D

വേനലവധി തുടങ്ങി..
ഞങ്ങൾ ലീലാവിലാസങ്ങൾ പുറത്തെടുത്തു
അടുക്കളയിൽ പഞ്ചസാരപ്പാത്രമായിരുന്നു
ആദ്യത്തെ ലക്ഷ്യം.



അനിയനെ ചവിട്ടുപടിയാക്കി
കൈയെത്തിച്ചു.
ലക്ഷ്യം കൈകൊണ്ടശേഷം
അതാസ്വദിക്കാൻ ഒരുങ്ങി


നീളമുള്ള ഒരു വടി,
അതിന്റെ സാന്നിധ്യമറിയിച്ചു.
'കയ്പുനീരാണ് നല്ലത്'
വടി പരിഹസിച്ചു ചിരിച്ചു.

***************

## കാളവണ്ടിയും ഓട്ടോറിക്ഷയും

അപ്പുവിന്റെ വീട്ടിൽ ഒരു കാളവണ്ടിയും ഓട്ടോറിക്ഷയും ഉണ്ടായിരുന്നു. അപ്പുവിന്റെ അച്ഛൻ എന്നും ഓട്ടോറിക്ഷയെ തുടച്ച് വൃത്തിയാക്കും. എന്നാൽ കാളവണ്ടിയെ ശ്രദ്ധിക്കുക പോലുമില്ല. അപ്പോൾ ഓട്ടോറിക്ഷ പറയും, എടാ കാളവണ്ടീ.... കണ്ടോ.... വീട്ടുകാർക്ക് എന്നോടാ കൂടുതൽ സ്നേഹം. അവർ നിന്നെ നോക്കുന്നതുപോലുമില്ല". അപ്പോൾ കാളവണ്ടിക്ക് സങ്കടമായി. അങ്ങനെയിരിക്കെ മഴക്കാലമെത്തി. മഴപെയ്ത് റോഡെല്ലാം കുളമായി.





ഒരു ദിവസം അപ്പുവിന്റെ അച്ഛൻ പട്ടണത്തിലേക്ക് പോവുകയായിരുന്നു. പെട്ടെന്ന് ഓട്ടോ ഒരു കുഴിയിൽ വീണു. "പ്ലക്ക്" എന്നൊരു ശബ്ദവും കേട്ടു. എന്തു ചെയ്തിട്ടും ഓട്ടോറിക്ഷയെ കുഴിയിൽ നിന്നും കയറ്റാൻ കഴിഞ്ഞില്ല. അപ്പോഴാണ് കാളവണ്ടി അതുവഴി വന്നത്. ഹാവൂ നീ വന്നത് നന്നായി, അല്ലെങ്കിൽ ഞാൻ ഈ വഴിയിൽ കിടന്നേനെ........ അപ്പുവിന്റെ അച്ഛൻ കാളവണ്ടിയിൽ കയറി പട്ടണത്തിലേക്ക് പോയി. കാളവണ്ടിക്ക് സന്തോഷമായി. ഓട്ടോറിക്ഷ ആ വഴിയിൽ തല താഴ്ത്തി നിന്നു.

*************

ഫാത്തിമ ഹന. പി

**5 D**

# ഒരു വലിയ തെറ്റ്

വിശാലമായ ഒരു പ്രദേശം

അവൾക്ക് 5 വയസ്സ് എല്ലാവരും അവളെ അന്ന എന്ന് വിളിക്കും. അന്നയ്ക്ക് രണ്ട് ചേച്ചിമാരുണ്ടായിരുന്നു. എല്ലയും സോഫിയും. അവർ രണ്ടു പേരും എപ്പോഴും തല്ലുകൂടിക്കൊണ്ടിരിക്കും. കാരണം സുന്ദരിയാര് എന്നാണ് അവരുടെ പ്രശ്നം. അവരുടെ അമ്മ വർഷങ്ങൾക്ക് മുമ്പേ അസുഖം ബാധിച്ച് കിടപ്പിലാണ്. അന്ന വേണം അമ്മയുടെ എല്ലാ കാര്യങ്ങൾക്കും. തുണികഴുകാനും ഭക്ഷണമുണ്ടാക്കാനും എന്തിനും. അവർ അന്നയെ വേലക്കാരിയെ പോലെയാണ് കണ്ടത്. അങ്ങനെയിരിക്കെ ഒരു ദിവസം അവരുടെ അമ്മ എന്നന്നേക്കുമായി കണ്ണടച്ചു. അന്നയ്ക്ക് അത് സഹിക്കാനായില്ല അന്ന എന്തു പണികൾ ചെയ്യുമ്പോഴും കരഞ്ഞു കൊണ്ടേയിരുന്നു. അന്ന കരയുമ്പോൾ അവർക്കത് ശല്യമായി തന്നെ തോന്നി. അന്ന് അർധരാത്രി തന്നെ അന്നയെ അവർ വീട്ടിൽ നിന്ന് ഇറക്കിവിട്ടു. അവൾ പോകുന്നവഴിയിലെല്ലാം അവളുടെ കണ്ണുനീർ  ഒഴുകി വന്നു. അവൾ താൽകാലികമായി ഒരു മരച്ചുവട്ടിലിരുന്നു. അപ്പുറത്തുള്ള കുറ്റിക്കാട്ടിൽ എന്തോ തിളങ്ങുന്നു. അവൾ അങ്ങോട്ട് പോയി നോക്കിയപ്പോഴാണ് അത് കണ്ടത്. മൂന്ന് സ്വർണ്ണ നാണയങ്ങൾ. അവൾ അതെടുത്ത് തിരിച്ച് വീട്ടിലേക്ക് നടന്നു. സ്വർണ്ണ നാണയം കണ്ടപ്പോൾ എല്ലയ്ക്കും സോഫിക്കും വളരെ അധികം സന്തോഷമായി. അവർ അവളെ വീട്ടിൽ കയറ്റി. എന്നിട്ട് പറഞ്ഞു, ഒരെണ്ണം എനിക്കു താ... എല്ലയും അത് ആവർത്തിച്ചു. അവൾ പറഞ്ഞു ഇതാ... രണ്ടു പേരും പരസ്പരം നോക്കിയതിനു ശേഷം പറഞ്ഞു നീ എന്നെ കുറിച്ച് മനസിലാക്കിയത് തെറ്റാണ്. ഞങ്ങളാണ് തെറ്റുകാർ, ക്ഷമിക്കണം.......

അർച്ചന. കെ.വി
6 ഇ

*********




Pornami m

# THE GREATEST LOVE

One day when diva was about to go to school. Her mother gave her a burger for lunch. When she saw the burger she threw it and she shouted at her mother "what you are doing?'. I told you to give me a pizza not burger. My God!
You can't do anything. "Then her father warned her. "Diva behave yourself. she is your mother". Then she went to school without taking her lunch. A dance was supposed to be held on the next day. In school, she met her best friend Mina.She asked her "hello Diva, how are you ?. Do you know about the dance competition?".She told her that she had given her name for the completion? In the next morning , Diva's mm had asked her whether she was participating in the dance competition. Angrily she replied ,"yes Ian going to participate. Its my wish whether to participate or not. what is your problem and I have already given my name".The next day the competition started. Now it was her turn. Diva started to dance even though her mother told her not to dance and not to wear high healed shoes. But she didn't obey her.
While dancing she fell down because of high healed shoes.

Everyone started to laugh. Some teachers and her friends took her to the doctor as a pin got stuck in her eye.

She didn't know what was going on. The doctor told her mother that they had tried their best but they couldn't save her vision of the right eye. Diva's mother told the doctor that she was already to donate her eye to her daughter. All were making fun of her mother because of her eye. Diva hated her mother very much. After two years her father died. Her mother tried to get a new job. but she was refused by many ways. Then a kind woman gave her a job. she told diva that she got a job so that she could continue her studies.

Diva: you got a job. I can't believe. Who gave you job because of your one eye?
Mother :But I got a job ,I tried to get job for you only not for me.

Diva:" still I love my father,not you. I hate you." her mother cried a lot because of her daughter's behaviour as she loved her daughter very much Diva's dream was to go as to France. On her birthday her mm called diva and told that there was surprise for her. It contained visa, ticket and money for her higher studies in France.

ജി.വി.എച്.എസ്.എസ്. വട്ടേനാട്

Diva was very happy as her dream was going to be fulfilled.

Next day she went to school and told her friends that she was going to France. Diva thanked her mm. She was very happy because the first time Diva was good to her. Diva went to France. While going she warned her mother, "never call me and disturb. I don't want to introduce you to my new friends I hate you because of your eye".

After 15 years,

She got married in France and got job over there. Till now her mother was sending money to her. But die or didn't she didn't know about her mother. Where her mm was,alive or died? She didn't know her mother. But ones she went to see her mother. when she reached the door was locked. she asked theneighbour where her mother was. The man replied that your mother and died and she had given me a letter to give you. So diva took the letter and read .

"My dear Diva, I love you very much you said that you hate me because of my eye but you know something my dear , I lost my eye because of you, during the dance competition when you fell down your eye got permanent damage and lost your eye sight.

Doctor told me that if they got a donor they would fix that. so I gave my one eye for you .

For me you are my everything .But you hurt me a lot . I forgive you because you are my lovely daughter ......


I LOVE YOU .....

After reading the letter she cried and realised that her mother was the best mother .she cried out

"I LOVE YOU MOTHER"...... but she was too late to realise her mistake .Even though she has both the eyes her Mind was blind with pride .Her confession was of no use . It was re-echoing but it was in vein.

DON'T HURT YOUR MOTHER
BELIEVE HER
LOVE HER....

FEBIN SHAN K
8 K



sandra

# നന്ദി......

ഇ വായനയുടെ പുതുചിന്തകൾ പകർന്ന് നൽകിയ നിലാചിരിയിലെ അണിയറശിൽപ്പികളോടുള്ള നന്ദിയും കടപ്പാടും പറഞ്ഞറിയിക്കാനാവാത്തതാണ്.....
ഇരുളിനെ മനോഹരമാക്കി നിലാവ് തൂകി നിൽക്കുന്ന നിലാചിരിയുടെ കവർപേജിന് കയ്യൊപ്പ് ചാർത്തിയ അനുരാജ്....
സർഗ്ഗപ്രതിഭയെ തിരച്ചറിഞ്ഞ് മുന്നോട്ട് നയിക്കുന്ന കലാധ്യാപിക സുചിത്ര ടീച്ചർ....
ഇ വായനയുടെ പുതുപിറവികൾ കുട്ടികൾക്ക് പകർന്ന് ഇ മാഗസിൻ നിർമാണത്തിന് പ്രചോദനം നൽകിയ നജീബ് മാഷ്, ബീന ടീച്ചർ.........
ഇ മാഗസിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിലാചിരിക്ക് കഥകളും കവിതകളും തന്ന് നിറപകിട്ട് നൽകി പങ്കാളികളായ പ്രിയപ്പെട്ട കുട്ടികൾക്ക് പുറമെ എം. ഗീത ടീച്ചർ, പി.ബി സ്മിത ടീച്ചർ, മുഹമ്മദ് അലി മാഷ് ........
എല്ലാവർക്കും നന്ദി.......നന്ദി......നന്ദി..

ലിറ്റിൽകൈറ്റ്സ് ടീം

**********